പാലുല്പാദനം വർദ്ധിപ്പിക്കുവാൻ വിദേശത്തു നിന്നും മുന്തിയതരം വിത്തുകാളകളെ ഇറക്കുമതി ചെയ്ത് അവയുടെ ബീജം കൃത്രിമ ബീജസങ്കലനത്തിന് നൽകി വരുന്നു. കൂടാതെ ഇവിടെയുള്ള വിത്തുകാളകളെ സന്തതിപരമ്പര പരിശോധന (പ്രോജനി ടെസ്റ്റിംഗ്) നടത്തി നല്ലവയെ തിരഞ്ഞെടുത്ത് അവയുടെ ബീജം കർഷകരുടെ പശുക്കളെ കുത്തിവയ്ക്കുന്നതിനായി എത്തിച്ചു കൊടുക്കുന്നു. മാത്രമല്ല കൂടുതൽ പോഷക ഗുണങ്ങളുള്ള കാലിത്തീറ്റ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കർഷകർക്ക് സുരക്ഷിതത്വം നൽകുന്നതിനുവേണ്ടി ഇൻഷ്വറൻസ്, പശുക്കൾക്ക് രോഗ നിർമ്മാർജ്ജന കുത്തിവയപുകൾ തുടങ്ങിയവ യഥാസമയം നൽകി പാൽ ഉല്പാദന കർഷകരുടെ എണ്ണം കൂട്ടുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നു. കറവപ്പശുക്കളിൽ നിന്നും മുഴുവൻ പാലും ലഭ്യമാക്കുന്നതിനും കൂടുതൽ പശുക്കളെ ഒരു ദിവസം കറക്കുന്നതിനും പര്യാപ്തമാകുംവിധം കറവയന്ത്രം പഞ്ചായത്തുകളുടെ സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനം അടുത്ത നാലുവർഷത്തിനുള്ളിൽ പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കും എന്നാണ് പ്രതീക്ഷ.

കായലുകൾ ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാര വികസനം

114 (125) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലുകൾ ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാരം വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായലോര ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി പമ്പാ-കുട്ടനാട് പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി പുന്നമടയിൽ ബോട്ട്ടെർമിനലും പള്ളാത്തുരുത്തി, കോതറത്തോട്, നെടുമുടി, വട്ടക്കായൽ എന്നീ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കായൽ ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി ആലപ്പുഴയിലും തണ്ണീർമുക്കത്തും കുമരകത്തും ഓരോ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അഷ്ടമുടി കായലിന്റെ സമഗ്രവികസനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി കൊല്ലത്ത് ഗേറ്റ്വേ സെന്ററും ആനന്ദവല്ലീശ്വരം, കരോട്ടി എന്നീ സ്ഥലങ്ങളിൽ ഓരോ ജലയോര വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനുള്ള നടപടികളും പൂർത്തിയായി വരുന്നു. കായൽ തീരങ്ങളിൽ ഒരു സമഗ്രസൈനേജ് പദ്ധതി ഈ വർഷം തന്നെ നടപ്പിൽ വരുത്തുന്നതാണ്. വിശദമായ ബാക്ക്വാട്ടർ മാപ്പും ഈ വർഷം പുറത്തിറക്കും. ആറൻമുളയിൽ ഒരു ജലയോര വിശ്രമ കേന്ദ്രത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. കായംകുളം, ആലുംകടവ് എന്നിവിടങ്ങളിൽ കായലോര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം ധൃതഗതിയിൽ നടന്നു വരുന്നു. പരവൂരിൽ ഒരു ബീച്ച് റിസോർട്ട് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കായൽ ടൂറിസം വികസന പദ്ധതികൾ ഉത്തരകേരളത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഹൗസ്ബോട്ടുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-കൊല്ലം വെസ്റ്റ്കോസ്റ്റ് കനാലിൽ ഹൗസ്ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന നടപടികളിൽ വിനോദ സഞ്ചാരവകുപ്പും സഹകരിച്ചു വരുന്നുണ്ട്.

ബേക്കൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ വലിയപറമ്പ് ദ്വീപിൽ റൈസ് ബോട്ടുകളും നാടൻ വള്ളങ്ങളും വാങ്ങുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

"എയിഡ്സ്" രോഗപരിശോധന

115 (126) ശ്രീ. വി. ബാലറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വിദേശ ടൂറിസ്റ്റുകൾ എത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെത്തുന്ന വിദേശ ടൂറിസ്റ്റുകൾ എയിഡ്സ് രോഗ പരിശോധനയ്ക്ക് വിധേയരാകുന്നുണ്ടോ ;

(സി) എങ്കിൽ എവിടെവച്ചാണ് ഈ ടെസ്റ്റ് നടത്തുന്നത് ;

(ഡി) പല വിദേശ ടൂറിസ്റ്റുകളും ശരിയായ പരിശോധനയില്ലാതെ ഇവിടെ താമസിക്കുന്നതിന്റെ ഫലമായി എയിഡ്സ് രോഗികൾ ഇവിടെ വർദ്ധിച്ചു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണം താഴെ പറയുന്നു.

1996	-	103086 (മെയ് മാസം മുതൽ)
1997	-	182427
1998	-	189941
1999		
2000	-	കണക്കുകൾ ശേഖരിച്ചു വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1988 - ലെ വേൾഡ് ഹെൽത്ത് അസംബ്ലിയുടെ തീരുമാനം അനുസരിച്ച് വിദേശ യാത്ര ചെയ്യുന്നവരെ എച്ച്.ഐ.വി.ടെസ്റ്റിന് വിധേയരാക്കുവാൻ പാടില്ല. എന്നാൽ ഇൻഡ്യയിൽ നാലുമാസത്തിൽ കൂടുതൽ തങ്ങുന്നവരെ ഈ ടെസ്റ്റിന് വിധേയരാക്കുന്നുണ്ട്.

(സി) എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലെയും മൈക്രോ ബയോളജി വകുപ്പിലാണ് ഈ ടെസ്റ്റ് നടത്തുന്നത്.

(ഡി) ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വർക്കല ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനം

116 (127) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടൂറിസ്റ്റ് കേന്ദ്രമായ വർക്കലയിൽ ടൂറിസം വികസിപ്പിക്കുന്നതിന് വേണ്ടി എന്തെല്ലാം പരിപാടികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കുറഞ്ഞ ചെലവിൽ സുഖകരമായ പാർപ്പിട സൗകര്യവും രുചികരമായ ഭക്ഷണവും നൽകി ടൂറിസ്റ്റുകളെ ആകർഷിക്കാൻ ആവശ്യമായ പദ്ധതി നടപ്പാക്കാൻ കെ.റ്റി.ഡി.സി.ക്ക് നിർദ്ദേശം നൽകുമോ ;

(സി) മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളെ വർക്കലയുമായി ബന്ധപ്പെടുത്താൻ ആവശ്യമായ യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന വർക്കലയിൽ താഴെപ്പറയുന്ന വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

1. ക്ലിഫിൽ 840 മീറ്റർ നടപ്പാതയിൽ അലങ്കാര വൈദ്യുത വിളക്കുകൾ സ്ഥാപിച്ചു.
2. ക്ലിഫിൽ നിന്നും ബീച്ചിലേയ്ക്കുണ്ടായിരുന്ന മൂന്ന് നടപ്പാതകൾ നവീകരിച്ചു.
3. ക്ലിഫിൽ അപകടം ഒഴിവാക്കാൻ മുള്ളുവേലി (കമ്പി) സ്ഥാപിച്ചു.
4. ക്ലോക്ക്റും ഉൾപ്പെടെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.
5. റെയിൽവേസ്റ്റേഷൻ മുതൽ ക്ലിഫ് വരെ സൂചന ബോർഡുകൾ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വർക്കല ബീച്ചിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി കൂടുതൽ ലൈഫ് ഗാർഡുകളെയും വിദഗ്ദ്ധ പരിശീലനം ലഭിച്ച ലൈഫ്ഗാർഡ് സൂപ്പർവൈസർമാരെയും നിയമിച്ചിട്ടുണ്ട്. വർക്കല റെയിൽവേ സ്റ്റേഷനിൽ ടൂറിസം വകുപ്പിന്റെ ഒരു ഇൻഫർമേഷൻ കൗണ്ടറിന്റെ നിർമ്മാണവും നടന്നു വരുന്നു.

(ബി) വർക്കലയിൽ കെ.റ്റി.ഡി.സി. യുടെ റസ്റ്റോറന്റ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. കെ.റ്റി.ഡി.സി. യുടെ ഭാവി വികസന പദ്ധതികളിൽപ്പെടുത്തി വർക്കലയിൽ കുറഞ്ഞ ചെലവിൽ പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തിന് കെ.റ്റി.ഡി.സി.ക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) ഈ ആവശ്യം കെ.എസ്.ആർ.ടി.സി. യുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്.

മലപ്പുറം ജില്ലയിലെ ടൂറിസ്സം വികസന പദ്ധതികൾ

117 (128) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് ഭൂപടത്തിൽ മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായി അംഗീകരിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പ്രദേശങ്ങളിൽ കഴിഞ്ഞ വർഷം എത്തിയിട്ടുള്ള വിനോദ സഞ്ചാരികളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെ ആണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കോട്ടയ്ക്കൽ

(ബി) കഴിഞ്ഞവർഷം വിദേശീയരായ 630 ടൂറിസ്റ്റുകളും 2,30,994 തദ്ദേശ ടൂറിസ്റ്റുകളും സന്ദർശിച്ചതായി താൽക്കാലികമായി കണക്കാക്കപ്പെടുന്നു.

(സി) മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന പദ്ധതികൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി ഇപ്പോൾ നടപ്പിലാക്കി വരുന്നു.

1. കടലുണ്ടിയിലും കിരനല്ലൂരിലും ബോട്ട്ജട്ടിയുടെ നിർമ്മാണം
2. കൊടികുത്തി മലയിൽ പബ്ലിക് ടോയ്ലറ്റ് നിർമ്മാണം
3. ഇൻഫർമേഷൻ സെന്ററിന്റെ നിർമ്മാണം
4. കൊടികുത്തി മലയുടെ സമഗ്ര വികസനം
5. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly